
# സ്ലീവാപാത

(ഈശോയെ ക്രൂശും താങ്ങി....)



(ഗാനങ്ങളോടുകൂടിയത്)

www.TheCMSIndia.org marggam www.marggam.com

## പ്രാരംഭഗാനം

ഈശോയെ ക്രൂശും താങ്ങി-
പോയ നിന്റെ അന്ത്യയാത്രയിതിൽ
കന്നിമേരി അമ്മയോടും
ചേർന്നു നിന്നെയനുഗമിച്ചീടുന്നു ഞങ്ങൾ
സ്വർഗ്ഗീയ മാർഗ്ഗമിതിൽ
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിക്കാൻ
നീ തുണയ്ക്ക, നിനക്കവ കാഴ്ചവച്ചീടാം.

## പ്രാരംഭ പ്രാർത്ഥന

ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി ഗാഗുൽത്താമലയിൽ അങ്ങു രക്തം ചിന്തിക്കൊണ്ടു സമർപ്പിച്ച ദിവ്യബലിയിൽ ആത്മനാ പങ്കുകൊള്ളുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശിരസ്സിൽ മുൾമുടി ധരിച്ചും തോളിൽ കുരിശു വഹിച്ചും അങ്ങു ഗാഗുൽത്തായിലേക്കു പോയ ആ വഴിയിൽ അങ്ങേ ദിവ്യമാതാവിനോടൊത്തു ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. മാനസികമായ അങ്ങയുടെ ക്ലേശങ്ങൾക്കും ശാരീരിക

www.TheCMSIndia.org marggam Digital Library of Christianity in India www.marggam.com

മായ അങ്ങയുടെ പീഡാസഹനങ്ങൾക്കും ഞങ്ങളുടെ പാപങ്ങളല്ലോ കാരണം. കർത്താവേ, ഞങ്ങളുടെ പാപങ്ങളെ ഓർത്തു ഞങ്ങൾ മനസ്തപിക്കുന്നു. ഇനിമേലിൽ പാപംചെയ്ത് അങ്ങയെ വേദനിപ്പിക്കുകയില്ലെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. അനുദിന ജീവിതത്തിലെ ക്ലേശങ്ങളാകുന്ന കുരിശും വഹിച്ചുകൊണ്ട് അങ്ങയുടെ പിന്നാലെ വരുവാനും ജീവിതബലി പൂർത്തിയാക്കാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ.

*(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

പീലാത്തോസ് -അന്യായമായ്
ഈശോയെ കൊല്ലുവാനായ് വിധിച്ചു
നമ്മുടെ വൻ പാപഗണം
കാരണമായിതിനെന്നു ധ്യാനിച്ചീടുക.

ന്യായേശാ പാപികളാം
ഞങ്ങളെ നീ വിധിച്ചീടും നാളിൽ

www.TheCMSIndia.org marggam www.marggam.com

നീതിപോലെ ചെയ്യരുതേ!


കാരുണ്യത്തോടെ ഞങ്ങളെ തൃക്കൺപാർക്കണേ

## ഒന്നാം സ്ഥലം

## ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു

ഈശോമിശിഹായെ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു: എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടു രക്ഷിച്ചു.

സർവ്വശക്തനായ കർത്താവേ, നിർദ്ദോഷിയായിരുന്നിട്ടും ഒരു പാതകിയെപ്പോലെ പീലാത്തോസിന്റെ മുമ്പിൽ അവഹേളിതനായി നിറുത്തപ്പെട്ട



അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ നിരവധിയായ പാപങ്ങൾ നിമിത്തം ഇന്നും ഞങ്ങൾ അങ്ങയെ അവഹേളിക്കുകയും ഒറ്റികൊടുക്കുകയും അന്യായമായി വിധിക്കുകയും ചെയ്യുന്നു. സഭയുടെ ശത്രുക്കൾ വിശ്രമരഹിതരായി അദ്ധ്വാനിക്കുമ്പോൾ ഞങ്ങൾ അലസരായി കഴി

www.TheCMSIndia.org marggam www.marggam.com

യുന്നു. കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കണമെ. അനുദിന ജീവിതത്തിൽ ഞങ്ങൾക്കെതിരായി മറ്റുള്ളവർ പറുയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ തിന്മകളേയും ക്ഷമാപൂർവ്വം സഹിക്കുവാനും ഞങ്ങളുടെ പാപ പരിഹാരത്തിനായി അവ വിനയപൂർവ്വം കാഴ്ചവയ്ക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

യൂദന്മാർ ഭാരമേറും
ക്രൂശുതന്റെ തിരുതോളിലേറ്റി
സോദരരെ താൻ ചുമക്കും
ക്രൂശു നമ്മൾ ചെയ്ത പാപഭാരമല്ലയോ


നാഥാ, ഈ ജീവിതത്തിൽ
ക്രൂശുകളാം ബഹുക്ലേശങ്ങളെ
മോദമോടെ കൈക്കൊൾവാനും
സഹിക്കാനും ഞങ്ങളെ നീ ശക്തരാക്കണേ.

www.TheCMSIndia.org marggam www.marggam.com

## രണ്ടാം സ്ഥലം

## ഈശോമിശിഹാ കുരിശു ചുമക്കുന്നു

ഈശോമിശിഹായേ ....



ഭൂലോകരക്ഷകനായ മിശിഹായേ, ഞങ്ങളുടെ പാപങ്ങൾ അങ്ങേയ്ക്കായി സജ്ജമാക്കിയ ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് അങ്ങു ഗാഗുൽത്താമലയിലേക്കു കയറിയല്ലോ. അങ്ങയുടെ ശിഷ്യന്മാരാൽപോലും പരിത്യക്തനായി, ക്രൂരന്മാരായ ശത്രുക്കളുടെ മദ്ധ്യെ അങ്ങു കുരിശു വഹിച്ചുകൊണ്ടു പോകുവാൻ കാരണമാക്കിയ ഞങ്ങളുടെ പാപങ്ങളെയും അവയുടെ സാഹചര്യങ്ങളെയും ഞങ്ങൾ വെറുക്കുന്നു. അവയെക്കുറിച്ച് ഞങ്ങൾ മനസ്തപിക്കുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. ഞങ്ങളുടെ ജീവിതവും കുരിശുനിറഞ്ഞതായി തോന്നുമ്പോൾ, ഭഗ്നാശരാകാതെ, അങ്ങയുടെ മാതൃകയെ പിഞ്ചെ

www.TheCMSIndia.org marggam www.marggam.com

ന്ന്, കുരിശുകളെ സന്തോഷപൂർവ്വം ഏറ്റെടുക്കുവാനും ജീവിതബലി പൂർത്തിയാക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

ഭാരത്താൽ ക്ഷീണിച്ചുതാൻ
പാറമേൽ കാൽതട്ടി വീഴുന്നയ്യോ
സ്നേഹിതരേ പാപങ്ങളിൽ
ആദ്യമായ് നാം വീണതിതിൻ കാരണമല്ലോ

കർത്താവേ, നിൻ പ്രമാണ
ലംഘനത്താൽ ഞങ്ങൾ പാപച്ചേറ്റിൽ
വീഴാതെ ലോകവാസം
സ്വർഗ്ഗരാജ്യപ്രദമാക്കാൻ നീ സഹായിക്ക

## മൂന്നാം സ്ഥലം


### *ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

ദിവ്യരക്ഷകനായ മിശിഹായേ, ശാരീരികമായ ക്ഷീണത്താലും കുരിശിന്റെ ഭാരത്താലും നിലത്തു

www.TheCMSIndia.org www.marggam.com

വീണ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. നന്മചെ



യ്തുകൊണ്ട് സഞ്ചരിച്ച അങ്ങയെ നിർദ്ദയരായ ശത്രുക്കൾ മർദ്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതു ഞങ്ങൾ കാണുന്നു. അങ്ങയുടെ നിരവധിയായ അനുഗ്രഹങ്ങൾക്കു പാത്രീഭൂതരായവർ തന്നെയാണ് ഇതെല്ലാം ചെയ്യുന്നതെന്ന കാര്യം ഞങ്ങളെ ലജ്ജിപ്പിക്കുന്നു. ഇന്നു ഞങ്ങളുടെ പാപങ്ങൾ ഇത്തരത്തിലുള്ള പീഡകളും അവഹേളനങ്ങളുമാണ് അങ്ങയെ ഏൽപിച്ചുകൊണ്ടിരിക്കുന്നത്. അവിടുന്ന് കുരിശുമായ് ഒന്നാംവട്ടം നിലത്തു വീണതിന്റെ യോഗ്യതകളെക്കുറിച്ച് ഞങ്ങളുടെ പാപങ്ങൾക്ക് വിശിഷ്യാ വിചാരത്താൽ ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക്, മോചനം നൽകുകയും മേലിൽ ആത്മീയ വീഴ്ചകൾകൂടാതെ നിർമ്മലരായി ജീവിക്കുവാനുള്ള അനുഗ്രഹം നൽകുകയും ചെയ്യണമെ.

www.TheCMSIndia.org marggam www.marggam.com

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കണ്ടാലും മാർഗ്ഗമദ്ധ്യേ
കന്നിമേരി അമ്മ തൻ സുതനെ
കാണുന്നിതാ എത്രമാത്രം
മർമ്മഭേദകമീ കൂടിക്കാഴ്ച! ഹാ! കഷ്ടം
മാതാവേ, കോമളൻ നിൻ
പുത്രനിതാ തിരിച്ചറിഞ്ഞോ നീ
തന്നോടിത്ര നീചമായി
ചെയ്തവരീ ഞങ്ങളാണേ ക്ഷമിക്കണമേ.

## നാലാം സ്ഥലം


### *ഈശോമിശിഹാ തന്റെ മാതാവിനെ കാണുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

അവഹേളിതനായ ദിവ്യരക്ഷകാ, മുൾമുടി ശിരസ്സിലേന്തിയും ഭാരമേറിയ കുരിശു തോളിൽവഹിച്ചും അങ്ങു നടത്തിയ അന്തിമയാത്രയിൽ അങ്ങു ദിവ്യമാതാവിനെ ദർശിച്ച രംഗം എത്രയോ വേദനാജനകം! "ഒരു വാൾ നിന്റെ ഹൃദയത്തെ

www.TheCMSIndia.org marggam www.marggam.com

കീറിമുറിക്കും" എന്ന ശെമയോന്റെ പ്രവചനം



പൂർത്തിയാകുവാൻ ഈ കാഴ്ചയും വ്യാകുലമാതാവിന് ആവശ്യമായിരുന്നു. മാതാവും പുത്രനും പരസ്പരം നോക്കി. അവരുടെ കണ്ണുകൾ നിറഞ്ഞു. ഹൃദയങ്ങൾ വിങ്ങിപ്പൊട്ടി. നിശ്ശബ്ദമായി സംസാരിച്ച ആ നിമിഷങ്ങൾ എത്രയോ സ്വർഗ്ഗീയം! കർത്താവേ, കണ്ണുകളുടെ തെറ്റായ ഉപയോഗം നിമിത്തം ഞങ്ങൾ ചെയ്തുപോയ നിരവധിയായ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമെ. എപ്പോഴും മറ്റുള്ളവരിൽ അങ്ങയെ കാണാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകുകയും ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(അഞ്ചാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*


www.TheCMSIndia.org marggam www.marggam.com

ക്രൂശേവം താൻ ചുമന്നാൽ
ജീവനോടെ തന്നെ ക്രൂശിക്കുവാൻ
സാദ്ധ്യമല്ല എന്നോർത്തവർ
സ്ലീവാ ചുമക്കാൻ ശീമോനെ നിയോഗിക്കുന്നു
ശീമോനെപ്പോലെ ഞങ്ങൾ
നിൻപുറകെ ക്രൂശുതാങ്ങിക്കൊണ്ടു
വന്നീടട്ടെ യേശുനാഥാ
ഭാഗ്യവാന്മാരായീടട്ടെ നിൻ കാരുണ്യത്താൽ

## അഞ്ചാം സ്ഥലം

*ഈശോമിശിഹായെ ശെമയോൻ സഹായിക്കുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........



പരിത്യക്തനായ ദിവ്യനാഥാ, ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് അങ്ങു നടത്തിയ വേദനനിറഞ്ഞ യാത്രാമദ്ധ്യേ അങ്ങയെ സഹായിക്കുവാൻ അവസരം ലഭിച്ച ശെമയോൻ അനുഗ്രഹീതനായല്ലൊ.

"എന്റെ ഭാരം ലഘുവും എന്റെ നുകം മാധുര്യമു

ള്ളതുമാണെ''ന്ന് അരുളിച്ചെയ്തുകൊണ്ട് അങ്ങേയ്ക്ക് സാക്ഷ്യം വഹിക്കുവാൻ ഞങ്ങളെ മാടിവിളിച്ചിട്ടുള്ള എത്രയോ അവസരങ്ങൾ ഞങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു! അങ്ങേ സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും ലഭിച്ചിട്ടുള്ള എത്രയെത്ര സന്ദർഭങ്ങൾ ഞങ്ങൾ പാഴാക്കിക്കളഞ്ഞു! ഞങ്ങളുടെ അലസതയെക്കുറിച്ചും ഉപേക്ഷകളെക്കുറിച്ചും ഞങ്ങൾ മനസ്തപിക്കുന്നു. കർത്താവേ, പാവപ്പെട്ടവരിലും ദുഃഖിതരിലും അങ്ങയെ ദർശിക്കുവാനും ഇന്നുമുതൽ അവരുടെ ക്ലേശങ്ങൾ കഴിവിനനുസരിച്ച് ലഘൂകരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.
പരിശുദ്ധ ദൈവമാതാവേ, ..................

*(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

സ്വർഗ്ഗീയദീപ്തി ചിന്തും
സുന്ദരമാം മുഖം മ്ലാനമായി
ഭക്തയായ വെറോനിക്ക


സ്നേഹഭക്ത്യാ തുടയ്ക്കുന്നു തൻ തിരുമുഖം
പാപത്താൽ മ്ലാനമായ
ഞങ്ങളുടെ ദേഹീദേഹങ്ങളെ
ശുദ്ധിയാക്കി നിൻ മുഖത്തിൻ
ഛായയെ നീ മുദ്രിതമാക്കണമവയിൽ

## ആറാം സ്ഥലം

*വെറോനിക്ക ഈശോമിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

കരുണാനിധിയായ ദിവ്യനാഥാ, കഠിനഹൃദയരായ ശത്രുക്കളുടെയും ക്രൂരന്മാരായ പടയാളികളുടെയും നടുവിൽ എല്ലാവരാലും പരിത്യക്തരായി കുരിശു വഹിച്ചുംകൊണ്ട് അങ്ങു പൂർത്തിയാക്കിയ ക്ലേശം നിറഞ്ഞ യാത്രാമദ്ധ്യേ അങ്ങയെ ആശ്വസിപ്പിക്കാനെത്തിയ



വെറോനിക്കാ ഭാഗ്യവതിയായല്ലോ. അങ്ങയുടെ തിരുമുഖം തുടച്ച അവളുടെ തൂവാലയിൽ അത്ഭു

തകരമായി അങ്ങേ തിരുമുഖത്തിന്റെ ഛായ പതിക്കുവാൻ തിരുമനസ്സായ അങ്ങ് ഞങ്ങളുടെ ഹൃദയത്തിലും അങ്ങേ പീഡാനുഭവത്തിന്റെ മുദ്ര പതിക്കണമെ. ഞങ്ങളെ കാണുന്നവർ അങ്ങയെയും കാണത്തക്കവിധം ഞങ്ങളിൽ അങ്ങയുടെ ചൈതന്യം നിറയ്ക്കണമെ. ലോകത്തിന്റെ പരിഹാസങ്ങളെയും പീഡനങ്ങളെയും ഭയപ്പെടാതെ എല്ലാ സാഹചര്യങ്ങളിലും അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകുകയും ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ.

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, .................

*(ഏഴാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

വീണ്ടും താൻ ക്രൂശിൻ കീഴായ്
വാടിത്തളർന്നിതാ വീഴുന്നയ്യോ!
ചന്തമേറും തൻ മുഖവും
കൈകാൽകളും കല്ലിൽ മുട്ടി പൊട്ടിക്കീറുന്നു
ഈശോയേ, വീണ്ടും ഞങ്ങൾ
ചാവുദോഷത്തിൽ വീണതിനാൽ


www.TheCMSIndia.org marggam www.marggam.com

അല്ലയോ നീ വീണതേവം
ഞങ്ങളെ നിൻ തൃക്കൈനീട്ടി രക്ഷിക്കണമേ

## ഏഴാം സ്ഥലം

*ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........



മനുഷ്യരുടെ പാപഭാരം മുഴുവൻ ചുമന്ന ദിവ്യ രക്ഷകാ, ബലഹീനനായ് രണ്ടാംവട്ടവും അങ്ങ് നിലത്തു വീഴുവാൻ കാരണമായത് ഞാൻ വീണ്ടും ചെയ്ത പാപം കാരണമാണല്ലോ. ദിവ്യനാഥാ, ഞങ്ങൾ പാപം ചെയ്യുമ്പോഴെല്ലാം വീണ്ടും കുരിശോടുകൂടി അങ്ങയെ നിലംപതിപ്പിക്കുകയാണ് ചെയ്യുന്നതെന്നു മനസ്സിലാക്കുവാനുള്ള വരം ഞങ്ങൾക്കു നൽകണമെ. ജീവിതക്ലേശങ്ങളുടെ ഭാരത്താലും പ്രലോഭനങ്ങളുടെ വശീകരണത്താലും തളർന്നുവീഴുകയും എഴുന്നേൽക്കുവാൻ ശക്തിയില്ലാതെ വലയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ കരുണാപൂർവ്വം അങ്ങേ

www.TheCMSIndia.org marggam www.marggam.com

തൃക്കരംനീട്ടി ഞങ്ങളെ രക്ഷിക്കണമെ. അവിടുന്ന് രണ്ടാം പ്രാവശ്യവും കുരിശുമായി നിലത്തുവീണ തിന്റെ യോഗ്യതകളെക്കുറിച്ച് ഞങ്ങളുടെ പാപ ങ്ങൾ, വിശിഷ്യാ സംസാരത്താൽ ഞങ്ങൾ ചെയ്തി ട്ടുള്ള പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കർത്താവിൻ പീഡകളെ
കണ്ടതുമൂലം സഹതാപമോടെ
ഭക്തസ്ത്രീകൾ കേണിടുന്നു
ആശ്വസിപ്പിച്ചീടുന്നു താനവരെയേവം
ഓർശ്ലേമിൻ പുത്രികളെ
എന്നെ ഓർത്തു നിങ്ങൾ കേഴേണ്ടൊട്ടും
നിങ്ങളെയും നിങ്ങളുടെ
മക്കളേയും ഓർത്തു നിങ്ങൾ പ്രലപിക്കുവിൻ


## എട്ടാം സ്ഥലം

*ഈശോമിശിഹാ ജറുസലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

www.TheCMSIndia.org marggam www.marggam.com

കരയുന്നവരുടെ സങ്കേതവും ദുഃഖിതരുടെ ആശ്വാസവുമായ മിശിഹായേ, കുരിശു ചുമക്കുന്നവനായി അങ്ങയെ കണ്ടു വിലപിച്ച ജെറുസലേം നഗരിയിലെ ഭക്തസ്ത്രീകളെ അങ്ങു കരുണാ



പൂർവ്വം ആശ്വസിപ്പിച്ചുവല്ലോ. "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു നിങ്ങൾ കരയുവിൻ" എന്ന് അവരോട് അരുളിച്ചെയ്ത കർത്താവേ, ഞങ്ങളുടെ പാപങ്ങളെ ഓർത്തു മനസ്തപിക്കാനുള്ള വരം ഞങ്ങൾക്കു നൽകണമെ. ശത്രുക്കൾ അങ്ങേ മൗതിക ശരീരത്തെ മുറിപ്പെടുത്തുകയും അങ്ങയുടെ പ്രതിനിധികളെ പീഡിപ്പിക്കുകയും ചെയ്യുന്നതു നിമിത്തം വേദനിക്കുകയും വിലപിക്കുകയും ചെയ്യുന്ന അങ്ങയെ ആശ്വസിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഈ ആഗ്രഹത്തെ ആശീർവ്വദിച്ചു സഫലമാക്കണമെ.

1 സ്വർഗ്ഗ., 1 നന്മ.

www.TheCMSIndia.org www.marggam.com

കർത്താവേ, അനുഗ്രഹിക്കണമേ.
പരിശുദ്ധ ദൈവമാതാവേ, .................

*(ഒൻപതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

ദിവ്യാഭ ചിന്തിടുന്ന
നിൻ മുഖാബ്ജം കുത്തി മൂന്നാമതും
വീഴുന്നീശോ - നീച യൂദർ
നാലുപാടും വലിക്കുന്നു ചിവിട്ടുന്നയ്യോ
ചേറ്റിലൊരു റോസാപ്പൂപോൽ
വീണുഴലും മമ ജീവനാഥാ,
ഘോരമായ നിത്യാഗ്നിയിൽ
വീണിടാതെ ഞങ്ങളെ നീ രക്ഷിക്കണമേ.

**ഒമ്പതാം സ്ഥലം**


*ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

പാപികളുടെ സങ്കേതമായ മിശിഹായെ, കുരിശിന്റെ ഭാരത്താലും ശാരീരിക ക്ഷീണത്താലും മൂന്നാംപ്രാവശ്യവും നിലത്തുവീണ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപപരിഹാരാർത്ഥം അങ്ങ് സ്വയം അർപ്പിച്ച ബലിയുടെ പൂർത്തീകരണത്തിനായി അവിടുന്ന് വീണ്ടും എഴുന്നേൽക്കുകയും തുടർന്ന് കുരിശു ചുമക്കുകയും ചെയ്തുവ

www.TheCMSIndia.org marggam www.marggam.com

ല്ലോ. ജീവിതക്ലേശങ്ങളാകുന്ന കുരിശുകളുടെ ഭാര



ത്താൽ വീണുപോകുന്ന ഞങ്ങളെ നിരാശയിൽ നിപതിക്കാൻ ഇടവരാതെ കാത്തുകൊള്ളണമെ. മാനുഷിക ബലഹീനതകളാൽ പാപം ചെയ്യാനിടവരുമ്പോൾ മനസ്താപപ്രകരണത്തോടെ സ്വർഗ്ഗ പിതാവിന്റെ പക്കലേക്കു പിന്തിരിയുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമെ. അവിടുന്ന് മൂന്നാം പ്രാവശ്യവും കുരിശിനോടുകൂടി നിലത്തുവീണതിന്റെ യോഗ്യതകൾ പരിഗണിച്ച് എല്ലാ തഴക്കദോഷങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(പത്താം സ്ഥലത്തേയ്ക്കുപോകുമ്പോൾ)*

www.TheCMSIndia.org marggam www.marggam.com

ചെന്നായ്ക്കൾ കുഞ്ഞാടിന്റെ
തോലുരിഞ്ഞു മാന്തിക്കീറുമ്പോലെ
രക്തംമൂലം ദേഹത്തോട്
ഒട്ടിച്ചേർന്ന വസ്ത്രമവർ ഉരിഞ്ഞീടുന്നു
മാമ്മോദീസ കൈക്കൊണ്ടപ്പോൾ
ഞങ്ങൾക്കു നീ തന്ന വെള്ള വസ്ത്രം
ദൈവേഷ്ടമാം ദിവ്യവസ്ത്രം
നഷ്ടമാക്കീടായ്വാൻ ശക്തി നൽകേണം നാഥാ

## പത്താം സ്ഥലം


### *ഈശോമിശിഹായുടെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെടുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

ഞങ്ങളുടെ പാപങ്ങൾക്ക് പരിഹാരബലിയായി ത്തീർന്ന മിശിഹായേ, ഗാഗുൽത്താമലയിൽവച്ച് ക്രൂരസേവകന്മാർ അങ്ങയുടെ തിരുവസ്ത്രങ്ങൾ ബലമായി ഉരിഞ്ഞെടുത്തുവല്ലോ. അങ്ങയെ നഗ്ന നാക്കി അവഹേളിക്കുകയും, അവിടുത്തേക്ക് കുടി ക്കുവാൻ കയ്പുള്ള പാനീയം നൽകുകയും ചെയ്തപ്പോൾ അവിടുന്നനുഭവിച്ച മാനസീകവും ശാരീരികവുമായ വേദന എത്രയോ ദുസ്സഹമായി

www.TheCMSIndia.org marggam www.marggam.com

രുന്നു. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളെ ഓർത്തു ഞങ്ങൾ മനസ്തപിക്കുന്നു. അടക്കത്തിനു യോജിക്കാത്ത വസ്ത്രധാരണത്താലും ഭക്ഷണപാനീയങ്ങളിലുള്ള ക്രമരഹിതമായ ആസ



ക്തിയാലും മനുഷ്യർ ചെയ്തുകൊണ്ടിരിക്കുന്ന നിരവധിയായ പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പാപത്തിലേക്കു ചാഞ്ഞിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി വിശുദ്ധിയുടെ നിർമ്മല വസ്ത്രം ധരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

www.TheCMSIndia.org marggam www.marggam.com

സ്ലീവാമേൽ താൻ കിടന്നു
യൂദർ കൈകാലുകളാണികളാൽ
ക്രൂശിൽച്ചേർത്തു തറയ്ക്കുന്നു
പ്രാണവേദനയാലീശോ വിലപിക്കുന്നു
ചുറ്റികയിൻ ശബ്ദവും തൻ
ആർത്തനാദവും മുഴങ്ങുന്നിതാ
ഈശോയേ ഘാതകരാം
ഞങ്ങളെ നീ ശിക്ഷിക്കല്ലേ രക്ഷിക്കണമേ.


## പതിനൊന്നാം സ്ഥലം

*ഈശോമിശിഹാ കുരിശിന്മേൽ തറയ്ക്കപ്പെടുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

സ്നേഹനിധിയായ ഈശോയെ, നന്മചെയ്തു കൊണ്ട് ചുറ്റിനടന്ന അങ്ങയുടെ തൃപ്പാദങ്ങളും ആശീർവദിക്കാനുയർത്തിയ അങ്ങയുടെ തൃക്കര ങ്ങളും ക്രൂരന്മാരായ പടയാളികൾ ഇരുമ്പാണിക ളാൽ കുരിശിന്മേൽ തറച്ചുവല്ലോ. സന്തോഷ പൂർവ്വം അങ്ങ് സഹിച്ച കഠോരമായ ആ വേദന കൾക്ക് ഞങ്ങൾ ചെയ്ത പാപങ്ങളല്ലയോ കാര ണം. കർത്താവേ, ഞങ്ങളുടെ ശാരീരിക അവയ വങ്ങളേയും ആന്തരേന്ദ്രിയങ്ങളേയും നിയന്ത്രിക്കു

www.TheCMSIndia.org marggam www.marggam.com



വാനും അവയെ ദൈവതിരുമനസ്സിന് അനുയോജ്യമായവിധം ഉപയോഗിക്കുവാനുമുള്ള കൃപാവരം ഞങ്ങൾക്കു നൽകണമെ. ഞങ്ങൾ ചെയ്യുന്ന ഓരോ പാപവും അങ്ങയുടെ ശരീരത്തിൽ അടിച്ചു കയറ്റുന്ന ആണികളാണെന്നും ഹൃദയത്തിൽ ഏല്പിക്കുന്ന മുറിവുകളാണെന്നുമുള്ള അവബോധം ഞങ്ങളിൽ വളർത്തുവാനും, മേലിൽ പാപം ചെയ്യാതെ ജീവിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

ക്രൂശിന്മേൽ ആണികളിൽ
നഗ്നനായി തൂങ്ങിമരിക്കുന്നീശോ
പ്രീശേന്മാരും സംപ്രേന്മാരും

www.TheCMSIndia.org marggam www.marggam.com


താഴെനിന്നു നിന്ദിച്ചുകൊണ്ടാനന്ദിക്കുന്നു
മാതാവും യോഹന്നാനും
മഗ്ദലനയോടു ചേർന്നു നിൽക്കും
ക്രൂശിൻതാഴെ പോയിനിൽക്കാം
തന്റെ രക്തം വീണു നാമും നിർമ്മലരാകും

## പന്ത്രണ്ടാം സ്ഥലം

*ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങി മരിക്കുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽതൂങ്ങി മരിച്ച ദിവ്യരക്ഷകാ, മൂന്നു മണിക്കൂർനേരം കുരിശിൽകി



ടന്നുകൊണ്ട് ഞങ്ങൾക്കു വേണ്ടി അങ്ങ് സഹിച്ച അവർണ്ണനീയങ്ങളായ പീഡകളെ ഓർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദിപറയുന്നു. കുരിശിൽകിടന്നുകൊണ്ട് ശത്രുക്കൾക്കുവേണ്ടി സ്വർഗ്ഗീയ പിതാവിനോട് പ്രാർത്ഥിക്കുകയും അവിടുത്തെ തൃക്കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കു

www.TheCMSIndia.org marggam www.marggam.com

കയും ചെയ്ത അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ശത്രുക്കളോട് ക്ഷമിക്കുന്നതിനും ദൈവതിരുമന സ്സിന് കീഴ്‌വഴങ്ങിക്കൊണ്ട് ഏതൊരുവിധ മര ണവും ഏതു സമയത്തും കൈവരിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. ഇനിയും ഞങ്ങൾ ജീവിക്കുവാനാകുന്നു അങ്ങ് തിരുമനസ്സാകുന്നതെങ്കിൽ പാപവഴികളിൽ നിന്നകന്ന് സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും അവസാനം അങ്ങയെ മുഖാഭിമുഖം കണ്ടാനന്ദി ക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

*(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

ചെന്താമര പുഷ്പമൊരു
വെൺതാമരപ്പൂവിൽ ചേർത്തതുപോൽ
തൻസുതന്റെ പൂമേനിയെ
അമ്മ മടിയിൽ കിടത്തി ചുംബിക്കുന്നിതാ
മാതാവേ മൃത്യുവിങ്കൽ
നിൻപുത്രർ ഞങ്ങളെ നിന്മടിയിൽ

www.TheCMSIndia.org marggam www.marggam.com


ചേർക്കുവാനും ഞങ്ങളുടെ
ആത്മാക്കളെ കൈക്കൊൾവാനും വന്നീടണമേ

## പതിമൂന്നാം സ്ഥലം

*ഈശോമിശിഹായുടെ മൃതശരീരം മാതാവിന്റെ മടിയിൽ കിടത്തുന്നു*

ഈശോമിശിഹായേ, അങ്ങയെ ...........

ഏറ്റം വ്യാകുലയായ മാതാവേ, അങ്ങേ വത്സ



ലപുത്രന്റെ മൃതശരീരം മടിയിൽ കിടത്തിയപ്പോൾ അങ്ങയുടെ ഹൃദയം വ്യാകുലവാളാൽ പിളർന്നുപോയല്ലോ. ഗാഗുൽത്തായിലെ ബലിവേദിയിൽ ദുസ്സഹമായ വേദന അനുഭവിച്ചുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ മാതാവായിത്തീർന്ന അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. പീഡിതരുടെ ആശ്വാസമായ അങ്ങയെ ഞങ്ങൾക്കു മാതാവായി തന്ന മിശിഹായെ ഞങ്ങൾ സ്തുതിക്കുന്നു. “ഇതാ കർത്താവിന്റെ ദാസി” എന്നു പറഞ്ഞുകൊണ്ട്

www.TheCMSIndia.org marggam www.marggam.com

ദൈവമാതൃത്വം സ്വീകരിച്ച സമയം മുതൽ അവാച്യമായ വേദനകൾ അനുഭവിച്ചുകൊണ്ട് മനുഷ്യരക്ഷാകർമ്മത്തിൽ തന്റെ തിരുക്കുമാരനോട് സജീവമായി സഹകരിച്ച മാതാവേ, അനുദിന ജീവിതത്തിൽ ഞങ്ങൾക്കുണ്ടാകുന്ന മാനസികവും ശാരീരികവുമായ പീഡകളെ ദൈവതിരുമനസ്സിന് അനുയോജ്യമായവിധം സഹിച്ചുകൊണ്ട് എല്ലായിടത്തും അങ്ങേ തിരുക്കുമാരന് സാക്ഷ്യം വഹിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്കായി പ്രാർത്ഥിച്ചു നൽകണമേ.

1 സ്വർഗ്ഗ., 1 നന്മ

കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, .................

*(പതിന്നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

നാഥന്റെ ദിവ്യദേഹം
സംസ്കരിച്ചീടുന്നു ശിഷ്യരിതാ
പാപത്തിൽ നാം ആത്മാവിനെ
താഴ്ത്തിയതല്ലയോ ഇതിൻ കാരണമോർപ്പിൻ
ഈശോയേ, നിൻ കല്ലറ
ഭക്തിയോടെ മുത്തും ഞങ്ങളുടെ

www.TheCMSIndia.org marggam www.marggam.com


**ആത്മാക്കളെ മൃത്യുവിങ്കൽ**
**നിന്റെ ദിവ്യ ഹൃദയത്തിൽ സംസ്കരിക്കണേ**

## പതിനാലാം സ്ഥലം

*ഈശോമിശിഹായുടെ തിരുശരീരം കല്ലറയിൽ സംസ്കരിക്കപ്പെടുന്നു*

**ഈശോമിശിഹായേ, അങ്ങയെ ...........**

**മരണംവഴി മരണത്തെ ജയിച്ചടക്കിയ ലോകരക്ഷകാ, അനന്തമായ പീഡകൾ സഹിച്ചുകൊണ്ട് മനുഷ്യരക്ഷപൂർത്തിയാക്കിയ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.** അങ്ങയുടെ പീഡാസഹനങ്ങൾക്കും മരണത്തിനും കാരണമായ ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് ഞങ്ങൾ മനസ്തപിക്കുന്നു. അവയേയും അവയുടെ സാഹചര്യങ്ങളേയും ഞങ്ങൾ വെറുക്കുന്നു. ഇനിമേലിൽ പാപം ചെയ്യു



www.TheCMSIndia.org marggam Digital Library of Christianity in India www.marggam.com

കയില്ലെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ പ്രതിജ്ഞകളെ സഫലമാക്കണമെ. 'അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടി ജീവിക്കുമെന്ന്' വിശ്വസിക്കുന്ന ഞങ്ങൾക്ക് അങ്ങയുടെ പീഡാനുഭവത്തെ ഓർത്തു ധ്യാനിച്ചുകൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാനും, ഭാഗ്യമരണം പ്രാപിച്ച് നിത്യാനന്ദം അനുഭവിക്കുവാനുമുള്ള അനുഗ്രഹം നൽകുകയും ചെയ്യണമെ.

1 സ്വർഗ്ഗ., 1 നന്മ


കർത്താവേ, അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ, ..................

## കുരിശുരൂപത്തിൻ മുമ്പാകെ

മാതാവേ, ഞങ്ങൾ ചെയ്ത
പുണ്യയാത്രയിതിൽ വന്നുപോയ
തെറ്റുകളെ നീക്കിയത്
നിന്റെ പുത്രനിഷ്ടമുള്ളതാക്കിത്തീർക്കണേ
സ്വർഗ്ഗീയതാതാ നിന്റെ
ജാതൻ ക്രൂശിൽ സ്വർഗ്ഗമേറിയപോൾ
ഞങ്ങളുമീ ക്രൂശുവഴി
സ്വർഗ്ഗേവാഴും നിൻ തൃപ്പാദം ചേരാൻ തുണയ്ക്കൂ

www.TheCMSIndia.org marggam www.marggam.com



## സമാപന പ്രാർത്ഥനകൾ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങേ തിരുക്കുമാരന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തെ അങ്ങ് വീണ്ടും സ്വർഗ്ഗത്തിനർഹമാക്കിയതിന് അങ്ങേക്ക് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾക്കുവേണ്ടി മരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ട് ഞങ്ങളുടേയും ലോകം മുഴുവന്റേയും പാപങ്ങൾ കരുണാപൂർവ്വം ക്ഷമിക്കണമെ. അവഹേളനത്തിന്റെ ചിഹ്നമായ കുരിശിനെ രക്ഷയുടെ അടയാളമാക്കി ഉയർത്തിയ മിശിഹായുടെ പീഡാനുഭവങ്ങളെ

www.TheCMSIndia.org marggam www.marggam.com

ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ ആ കുരിശിൽ അഭിമാനംകൊള്ളുവാനും ലോകം മുഴുവനും അതിൽ രക്ഷ കണ്ടെത്തുവാനും ഇടവരുത്തണമെ. ഈ കുരിശിന്റെ വഴിയിൽ സംബന്ധിച്ച ഞങ്ങളെ എല്ലാവരേയും ആത്മീയവും ശാരീരികവുമായ ദാനങ്ങൾ നൽകി അനുഗ്രഹിക്കണമെ. തന്റെ ഏകജാതനെ ഞങ്ങൾക്കു നൽകിയ പിതാവിനു സ്തുതിയും, കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും, പരിത്രാണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിന് സ്തോത്രവുമുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേയ്ക്കും. ആമ്മേൻ.

1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റവും നല്ലവനും..........................

*കാർമ്മികൻ കുരിശുരൂപംകൊണ്ട് ജനങ്ങളെ ആശീർവദിക്കുന്നു.*

www.TheCMSIndia.org marggam www.marggam.com

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org